**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 438** **05-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2016 ൽ സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ ഉണ്ടായിരുന്നു എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; 2016 മെയ് മാസത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഞ്ച് വർഷക്കാലംകൊണ്ട് സംസ്ഥാനത്ത് എത്ര ബാറുകൾ അനുവദിച്ചിട്ടുണ്ടെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ച ബാറുകളുടെയും വിശദമായ കണക്ക് ലഭ്യമാക്കുമോ; | (എ) | 2013-14 കാലഘട്ടത്തിൽ സംസ്ഥാനത്ത് 720 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചിരുന്നു. 2014-15 വർഷത്തിലെ പുതുക്കിയ മദ്യനയം GO(Ms) 205/2014/നികുതി വകുപ്പ് dated 20/12/2014 നമ്പർ ഉത്തരവു പ്രകാരം സംസ്ഥാനത്തെ 5 സ്റ്റാർ ഹോട്ടലുകൾ ഒഴികെയുള്ളവയുടെ എഫ്.എൽ 3 ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതാണ്. അത്തരം ഹോട്ടലുകൾക്ക് സർക്കാർ ബിയർ വൈൻ പാർലറുകൾ അനുവദിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ടി ഉത്തരവു ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും 31/03/2015 ലെ അന്തിമ ഉത്തരവിൽ ടി സർക്കാർ ഉത്തരവ് ശരി വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ 01/04/2015 മുതൽ സംസ്ഥാനത്ത് 5 സ്റ്റാർ ക്ലാസ്സിഫിക്കേഷൻ ഉള്ള 20 ഹോട്ടലുകൾ മാത്രമാണ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് അന്ന് നിലവിലിരുന്ന സർക്കാർ പുതുതായി അനുവദിച്ച ലൈസൻസുകൾ ഉൾപ്പെടെ 2016ൽ 29 ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രം എഫ്.എൽ 3 ലൈസൻസ് ഉണ്ടായിരുന്നു.<br><br>2016 മെയ് മാസത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഞ്ച് വർഷക്കാലംകൊണ്ട് സംസ്ഥാനത്ത് 200 ബാറുകൾ അനുവദിച്ചു. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 47 ബാറുകൾ പുതുതായി അനുവദിച്ചു. (2014 മാർച്ച് 31 വരെ ബാർ ആയി പ്രവർത്തിച്ച് വന്നിരുന്നതും പിന്നീട് ബിയർ വൈൻ പാർലർ ആയി മാറ്റിയതുമായ ഹോട്ടലുകളിൽ 3 സ്റ്റാറോ അതിന് മുകളിലോ ക്ലാസ്സിഫിക്കേഷൻ നേടിയ 442 ഹോട്ടലുകൾക്ക് മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതാണ്. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചുവടെ |

| | | | |
|---|---|---|---|
| | | | ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | FL-3 | | | | |
|---|---|---|---|---|---|---|
| | | 3 സ്റ്റാർ | 4 സ്റ്റാർ | 5 സ്റ്റാർ | ഹെറിറ്റേജ് | ആകെ |
| 1 | തിരുവനന്തപുരം | 27 | 35 | 10 | 1 | 73 |
| 2 | കൊല്ലം | 25 | 29 | 2 | 0 | 56 |
| 3 | പത്തനംതിട്ട | 16 | 8 | 0 | 0 | 24 |
| 4 | ആലപ്പുഴ | 20 | 14 | 3 | 3 | 40 |
| 5 | കോട്ടയം | 30 | 25 | 3 | 1 | 59 |
| 6 | ഇടുക്കി | 11 | 14 | 0 | 0 | 25 |
| 7 | എറണാകുളം | 80 | 68 | 23 | 6 | 177 |
| 8 | തൃശ്ശൂർ | 66 | 30 | 3 | 3 | 102 |
| 9 | പാലക്കാട് | 30 | 13 | 0 | 1 | 44 |
| 10 | മലപ്പുറം | 14 | 11 | 1 | 1 | 27 |
| 11 | കോഴിക്കോട് | 24 | 11 | 2 | 1 | 38 |
| 12 | വയനാട് | 3 | 7 | 1 | 0 | 11 |
| 13 | കണ്ണൂർ | 20 | 12 | 0 | 1 | 33 |
| 14 | കാസർഗോഡ് | 3 | 5 | 1 | 0 | 9 |
| ആകെ | | 369 | 282 | 49 | 18 | 718 |